(18) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി

ശ്രീ. കെ. രാജു: സർ, കേരള സർക്കാർ നടപ്പിലാക്കുന്ന ഏറ്റവും മാതൃകാപരമായ ക്ഷേമ പദ്ധതിയാണ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി. ഈ പദ്ധതിയിലെ ഭൂരിപക്ഷം ഗുണഭോക്താക്കളും ബി.പി.എൽ.കാരും എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെടുന്നവരുമാണ്. ഗവൺമെന്റ് തീരുമാനിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഓരോ ഗുണഭോക്താക്കൾക്കും ഗഡുക്കളായിട്ടാണ് തുക അനുവദിച്ചു നൽകുന്നത്. കെട്ടിട നിർമ്മാണ സാധനങ്ങളുടെയെല്ലാം വില വമ്പിച്ച തോതിൽ വർദ്ധിക്കുകയുണ്ടായി. വീട് പൂർത്തിയാക്കുവാൻ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള തുക തികയുകയില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഉണ്ടായിരുന്ന മാടങ്ങൾ പൊളിച്ച് വീട് വയ്ക്കാൻ ആരംഭിച്ച ഗുണഭോക്താക്കൾ മേൽക്കൂര നിർമ്മിക്കുന്ന സ്റ്റേജ് ആയപ്പോൾ പണം തികയാതെ ബുദ്ധിമുട്ടുകയാണ്. ചിലർ മറ്റ് മാർഗ്ഗമെല്ലാം അടഞ്ഞപ്പോൾ മേൽക്കൂര വാർക്കാൻ കഴിയാത്തതിനാൽ ആസ്ബെസ്റ്റോസ് ഷീറ്റ് ഉപയോഗിച്ച് വീടിന്റെ മേൽക്കൂര തീർത്തു. ഇങ്ങനെയുള്ള ധാരാളം ഗുണഭോക്താക്കൾ വീടിന്റെ അവസാന ഗഡു കിട്ടാതെ ബുദ്ധിമുട്ടുകയാണ്. മാത്രവുമല്ല വീടിന് നമ്പർ ഇട്ടുകൊടുക്കുന്നതിനും മറ്റും പഞ്ചായത്ത് തയ്യാറാകുന്നുമില്ല. ഈ പ്രശ്നത്തിന് ഒരു മാനുഷിക പരിഗണന നൽകി ഇങ്ങനെയുള്ളവർക്കും അവസാന ഗഡു നൽകുന്നതിനാവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവനരഹിതർക്കും വീടും ഭൂരഹിത ഭവനരഹിതർക്ക് ഭൂമിയും വീടും ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് ഇ.എം.എസ്. ഭവന പദ്ധതിക്കുള്ളത്. പൊതുവിഭാഗം 75,000 രൂപ, പട്ടികജാതി വിഭാഗം 1,00,000 രൂപ, പട്ടികവർഗ്ഗ വിഭാഗം 1,25,000 രൂപ എന്നീ ക്രമത്തിലാണ് പണം നൽകുന്നത്. നിലവിലുള്ള നിലവാരത്തിൽ ഈ തുകകൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയില്ല എന്നത് ശരിയാണ്. ഗുണഭോക്താവിന് സമാഹരിക്കാവുന്ന തുകയും അദ്ധ്വാനവും ചേർത്താണ് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായി ലഭ്യമാകുന്ന മറ്റ് സഹായങ്ങളും ചിലയിടങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം അനുവദിക്കുന്ന വീടുകൾക്ക് ആസ്ബെസ്റ്റോസ് മേൽക്കൂര പാടില്ലായെന്ന് മാത്രമേ നിഷ്ക്കർഷിച്ചിട്ടുള്ളൂ. ആസ്ബെസ്റ്റോസ് സൃഷ്ടിക്കുന്ന പാരിസ്ഥിതികവും ആരോഗ്യകരവുമായ പ്രശ്നങ്ങൾ മുൻനിർത്തി ഇന്ത്യാ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളുടെ ഭാഗമായാണ് ഈ തീരുമാനം എടുത്തിട്ടുള്ളത്. ആസ്ബെസ്റ്റോസിന് പകരം ടിൻ ഷീറ്റ് അടക്കമുള്ളവ മേൽക്കൂരയായി ഉപയോഗിക്കുന്നതിൽ തടസ്സമില്ല. സംഖ്യ വർദ്ധിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റ് ആലോചിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, റൂൾ 288, വ്യക്തിപരമായ വിശദീകരണം. ഇന്നലെ പാർലമെന്റ് മെമ്പർമാരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നപ്പോൾ ശ്രീ. പി.ടി. തോമസ്, എം.പി. എന്നെകുറിച്ച് ഒരു പരാമർശം നടത്തി.

ശ്രീ. കെ. സി. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിൽ ഇല്ലാത്ത ഒരാളിനെ കുറിച്ചുള്ള കാര്യമാണ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: നോ, മേശപ്പുറത്തു വയ്ക്കുന്ന കടലാസ്സുകൾ. ഇത് കഴിഞ്ഞ് പരിഗണിക്കാം. അങ്ങ് ഇരിക്കുക.

V മേശപ്പുറത്ത് വച്ച കടലാസ്സുകൾ

I ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

കേരള സ്റ്റേറ്റ് എക്സ്-സർവ്വീസ്മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷന്റെ 2009-10-ലെ വാർഷിക റിപ്പോർട്ട്.

II. റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ താഴെപ്പറയുന്ന കടലാസ് മേശപ്പുറത്തുവയ്ക്കുന്നു.

കൊച്ചി ശാസ്ത്ര-സാങ്കേതിക സർവ്വകലാശാലയുടെ 1999-2000-ലെ വാർഷിക കണക്കുകൾ, 2006-07-ലെ വാർഷിക റിപ്പോർട്ടുകൾ എന്നിവ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

III. ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി. ഒ. (എംഎസ്.) നമ്പർ 259/2010/ഹോം. തീയതി 22-11-2010 (എസ്.ആർ.ഒ നമ്പർ 1173/2010).

2. നോട്ടിഫിക്കേഷൻ നമ്പർ 12858/സി1/2010/വിജ്. തീയതി 11-1-2011 (എസ്.ആർ.ഒ. നമ്പർ 30/2011).

3. ജി. ഒ. (ആർടി.) നമ്പർ 200/2011/ഹോം. തീയതി 22-1-2011 (എസ്.ആർ.ഒ. നമ്പർ 54/2011).

4.ജി. ഒ. (ആർടി.) നമ്പർ 202/2011/ഹോം. തീയതി 22-1-2011 (എസ്.ആർ.ഒ. നമ്പർ 55/2011).

5. ജി. ഒ. (എംഎസ്.) നമ്പർ 15/2011/ഹോം. തീയതി 22-1-2011 (എസ്.ആർ.ഒ നമ്പർ 57/2011, 58/2011).

6. ജി.ഒ. (എംഎസ്.) നമ്പർ 16/2011/ഹോം. തീയതി 22-1-2011 (എസ്.ആർ.ഒ. നമ്പർ 59/2011, 60/2011).

LIBRARY ARCHIVES Kerala Legislative Assembly